# അധ്യായം മുപ്പത്തിയൊന്ന്

ജീവിതത്തിൽ വീണ്ടും വീണ്ടും അത്ഭുതങ്ങളാണ് സംഭവിക്കുന്നതെന്നു സോമനു തോന്നി. ഓരോ വീഴ്ചകൾക്കു ശേഷവും പാപമോചനത്തിന്റെ പുനർജനികൾ തനിക്കുമുന്നിൽ പ്രത്യക്ഷമാകുകയാണ്. തിരിച്ചുപോക്ക് പ്രതീക്ഷിച്ചാണ് രാജുവിനെ തേടിയെത്തിയത്. ഇവിടെ ഹൃദയം തുറന്നുവച്ച് പഴയ കൂട്ടുകാരൻ. നല്ല ഓർമപോലുമില്ല രാജുവിനെക്കുറിച്ച്. കളിയും ചിരിയുമായി നടന്ന ഒരു കുട്ടിയുടെ മങ്ങിയ മുഖം മാത്രമെ രാജുവിനെ കാണാൻ വരുമ്പോൾ ഉണ്ടായിരുന്നുള്ളൂ. പണ്ടു നടന്നതെല്ലാം വള്ളിപുള്ളി വിടാതെ രാജു ഓർമിപ്പിച്ചപ്പോൾ സോമന് അത്ഭുതത്തേക്കാളേറെ അവനോട് ബഹുമാനമാണ് തോന്നിയത്. പറഞ്ഞിട്ടുകാര്യമില്ല, നല്ല കാര്യങ്ങളൊന്നും ഓർക്കാൻ കഴിയാത്ത കറുത്ത ജീവിതമാണല്ലോ തന്റേത്. ഇടയ്ക്കു പിറക്കുന്ന നല്ലതുകൾ മറവിയിലേക്കു പോകുകയാണ് പതിവ്.

ഓഫിസിൽ ഹാഫ് ലീവ് പറഞ്ഞു രാജു സോമനൊപ്പമിറങ്ങി. ബൈക്കിൽ സോമനെയും കയറ്റി അയാൾ ക്വാർട്ടേഴ്സിനെ ലക്ഷ്യമാക്കി. പോകും വഴിയിൽ മാർക്കറ്റിൽനിന്നും മീനും ഇറച്ചിയും വാങ്ങാൻ അയാൾ മറന്നില്ല. ജീവിതത്തിൽ ഏറ്റവും പ്രിയപ്പെട്ടതിനെ കണ്ടതുപോലെയായിരുന്നു അയാൾക്കു സോമൻ വന്നത്. നാലുമണിയായപ്പോഴേക്കും അവർ ക്വാർട്ടേഴ്സിലെത്തി. തിങ്ങിനിറഞ്ഞ വീടുകൾ ഇവിടെയില്ല. വിശാലമായ കാനന പ്രദേശം പോലെയായിരുന്നു അവിടം. മൂന്നുനാലു വീടുകൾ ഒരുമിച്ചു കാണാം. വഴിയരികുകളിൽ വാകമരങ്ങളും മഹാഗണികളും ഭീമാകാരം പൂണ്ടുനിൽക്കുന്നു. ക്വാർട്ടേഴ്സിനു മുന്നിൽ മൂന്നുനാലു പൂച്ചെട്ടികളിൽ പനിനീർപ്പൂക്കൾ വിടർന്നുനിൽക്കുന്നു. സുഖകരമായൊരു കുളിർമ അവിടെയെങ്ങും നിറഞ്ഞുനിന്നു. രാജു താക്കോലെടുത്തു വാതിൽ തുറന്നു. അടക്കും ചിട്ടയുമായി ഒരുക്കിയിരിക്കുന്ന അതിഥിമുറി. രാജു ഇവിടെ ഒറ്റയ്ക്കു താമസിക്കുകയാണെന്നു പറയില്ല. അത്രയ്ക്കു വിനയമായിട്ടാണ് അവൻ ആ ക്വാർട്ടേഴ്സ് ഒരുക്കിയിരിക്കുന്നത്.

എന്താ സോമാ... സ്ഥലമൊക്കെ ഇഷ്ടമായോ..-

നിറഞ്ഞ ചിരിയോടെ സോമൻ തലയാട്ടി.

അടുത്ത വീടുകളിലൊക്കെ താമസമുണ്ടോ...

ഉണ്ടോന്നോ... എല്ലാവരും വൈകുന്നേരമാകുന്നതോടെ എത്തും... നല്ല സ്നേഹത്തിലാണ് പരസ്പരം കഴിയുന്നത്....

സോമൻ അകത്തെ മുറിയുടെ ജാലകം തുറന്നു. ക്വാർട്ടേഴ്സിനു പുറകിലൂടെ തെളിഞ്ഞവെള്ളമൊഴുകുന്ന കനാൽ. അതിന്റെ അതിരുകളിൽ വാകപ്പൂക്കളുടെ വസന്തം. എവിടെന്നോ വീശിയെത്തിയ തണുത്തകാറ്റ് അവന്റെ മുഖത്തു തലോടി. അവന് ഓമനയെ ഓർമവന്നു.

സോമാ... ഈ ക്വാർട്ടേഴ്സ് നിന്റേതു കൂടിയെന്നു കരുതണം... നമ്മൾ രണ്ടുപേർമാത്രമെ ഇവിടെ ഉണ്ടാകൂ.. നിനക്കു എന്തു വേണമെന്നു പറഞ്ഞാൽ മതി... അതൊക്കെ ഞാൻ ഏറ്റു...

സോമനിൽ അത്ഭുതങ്ങൾ ഏറുകയാണ്. എന്തിനാണ് തന്നെ ഇവൻ ഇത്ര സ്നേഹിക്കുന്നത്. ഒന്നും മനസിലാകുന്നില്ല.

സോമനോട് എനിക്കു തീർത്താൽ തീരാത്ത കടപ്പാടുണ്ട്....- അവന്റെ ആശ്ചര്യം മനസിലാക്കിയെന്നപോലെ രാജു പറഞ്ഞു.

സോമന് ആകാംഷയായി.

ജീവിതത്തെക്കുറിച്ച് ഞാൻ പഠിച്ച ആദ്യപാഠം നിന്നിൽനിന്നാണ്.... നിന്റെ വീട്ടിൽ എത്തിയപ്പോഴാണ് അധ്വാനത്തിന്റെ വില ഞാൻ മനസിലാക്കിയത്. ഒരു കന്നിനെ പോലെ പണിയെടുക്കുന്ന നിന്നെ കണ്ടപ്പോഴാണ് തിന്നാൻ മാത്രം ശീലിച്ച ഞാൻ മനസു മാറ്റിയത്. എത്ര വിഷമിച്ചാലും ചിരിച്ചുകൊണ്ടുമാത്രമെ ഞാൻ നിന്നെ കണ്ടിട്ടുള്ളൂ. എനിക്കൊരു തളർച്ച വരുമ്പോൾ ഞാൻ ഓർക്കുക നിന്നെയാണ് സോമാ... നിന്റെ കഷ്ടപ്പാടുകളുടെ മുന്നിൽ ഞാനൊക്കെ ചെയ്യുന്നത് ഒന്നുമല്ലെന്നു മനസിലാകും. നീ ഇവിടെ എന്നെ തേടിവന്നതും ആ മനശക്തിയുടെ ബലത്തിലാണെന്നു എനിക്കു മനസിലാകും. തങ്കച്ചായൻ എന്നോട് എല്ലാം പറഞ്ഞിരുന്നു. റാഞ്ചിയിലെത്തിയ സോമൻ ചട്ടമ്പിയായതും എനിക്കു മനസിലാകും. ചെയ്യുന്നതിലൊക്കെ തെറ്റും ശരിയും ഉണ്ടാകും. പക്ഷെ അവയിൽ തെറ്റേത് ശരിയേത് എന്നു തീർച്ചപ്പെടുത്തേണ്ടത് മറ്റുള്ളവരല്ല. നമ്മൾതന്നെയാണ്. ജീവിതം തന്ന കയ്പുനീരാണ് നിന്നെ വഴിതെറ്റിച്ചത്. പക്ഷെ ആ വഴിതെറ്റൽ ഇന്നു നിനക്ക് പാഠമാകുകയാണ്. നേടണം... എന്തു നേടണം എന്നല്ല.. എന്തെങ്കിലുമൊക്കെ നേടാൻ എന്നും ശ്രമിക്കണം... ആ നേട്ടമെല്ലാം മനസിന്റെ സമാധാനത്തിനായിരിക്കണം. പണത്തിനു വേണ്ടിമാത്രമാകരുത്. എനിക്കതു കൊണ്ടാണ് കാലമെത്ര കഴിഞ്ഞിട്ടും നിന്നെ മറക്കാൻ കഴിയാത്തത്.

സോമന് അമ്പരപ്പായിരുന്നു രാജുവിന്റെ വാക്കുകൾ കേൾക്കുമ്പോൾ. ഇവൻ എന്തൊക്കെ ഭ്രാന്താണ് പറയുന്നതെന്നാണ് ആദ്യം തോന്നിയത്. ഒടുവിൽ അവൻ പറയുന്നതിലും ശരികളുണ്ടെന്നു സോമനു തോന്നി. പിഴച്ചുപോയ വഴികളെല്ലാം പാഠങ്ങളായി എടുക്കണം. തിരിച്ചറിവുകളുടെ പാഠങ്ങൾ. അപ്പൻ മുതൽ സുകുമാര പിള്ളവരെ തനിക്കു പാഠങ്ങളാണ്.

ഓർമയിൽനിന്നുണരുമ്പോൾ മുന്നിലെ കോപ്പയിൽ ചൂടു ചായ. സോമൻ കോപ്പ കയ്യിലെടുത്തു. ആ ചായ അവന് അമൃതായി തോന്നി.

കുറച്ചുദിവസം നീ പുറത്തേയ്ക്കൊന്നും പോകേണ്ട. ഇവിടെ തന്നെ വിശ്രമിച്ചാൽ മതി. ശരീരമൊന്നു നേരെയാകട്ടെ.. അതു കഴിഞ്ഞു നമുക്കു ജോലിയെല്ലാം നോക്കാം. ഞാൻ വിചാരിച്ചാൽ നിനക്കിവിടെ നല്ലൊതു തൊഴിൽ കിട്ടാൻ ബുദ്ധിമുട്ടുണ്ടാകില്ല..– രാജു പറഞ്ഞു.

രാജൂ... എനിക്കൊരു സഹായം ചെയ്യണം... നാളെ ഓഫീസിൽ നിന്നുവരുമ്പോൾ കുറച്ചു വൈറ്റ് പേപ്പർ വാങ്ങിക്കൊണ്ടു വരണം....– സോമൻ കീശയിലേക്കു കയ്യിട്ടു.

എനിക്കറിയാം.... നീ അതിനായി കാശു കളയേണ്ട. പേപ്പർ ഞാൻ വാങ്ങിക്കൊണ്ടുവരാം... നിന്റെ എഴുത്തു കമ്പം ഇതിനിടയിൽ മറന്നില്ലല്ലോ... ഇതും തങ്കച്ചായൻ പറഞ്ഞതാ... നീ ഭാഗ്യം ചെയ്തവനാ... എഴുതാനുള്ള കഴിവ് എല്ലാവർക്കും കിട്ടില്ല... അതിനു ദൈവത്തിന്റെ പുണ്യംകൂടി വേണം... എഴുതാൻ ഇത്രയും നല്ലയിടം നിനക്കെവിടെയും കിട്ടില്ല. പക്ഷെ എഴുതേണ്ടത് ഇവിടുത്തെ പ്രകൃതി സൗന്ദര്യമല്ല... മറിച്ച് മനുഷ്യന്റെ കറുത്ത മനസിനെക്കുറിച്ചാണ്... അവന്റെ ദുരിതങ്ങളെക്കുറിച്ചാണ്... വ്യാമോഹങ്ങളെക്കുറിച്ചാണ്... വേദനകളെക്കുറിച്ചാണ്... സുഖങ്ങളെക്കുറിച്ചുള്ള വരികൾ നമ്മൾ വേഗം മറന്നുപോകും... അല്ലാത്തവ ഹൃദയത്തിൽ കുരുങ്ങിയ കൊളുത്തായി എന്നും കിടക്കും. ആ വരികളായിരിക്കും ഓരോ മനുഷ്യന്റെയും തെറ്റുകൾ തിരുത്താൻ പ്രേരകമാകുക.

രാജു വീണ്ടും വീണ്ടും അത്ഭുതമായി സോമനു മുന്നിൽ വളർന്നു.

പിറ്റേന്നുതന്നെ രാജു പേപ്പർ വാങ്ങിക്കൊണ്ടുവന്നു. ആ രാത്രിയിൽ സോമന് ഉറങ്ങാനായില്ല. എന്തെഴുതണം. എങ്ങിനെതുടങ്ങണം ഒന്നും മനസിൽ വരുന്നില്ല. എഴുതുക കഥയാണോ കവിതയാണോ നാടകമാണോ നോവലാണോ എന്ന് ഇനിയും നിശ്ചയിട്ടില്ല. ഇത് തനിക്കുവേണ്ടി മാത്രമല്ല, ഓമനയ്ക്കു വേണ്ടികൂടെയാണ് എഴുതുന്നത്. ഈ എഴുതുന്നത് ലോകത്ത് ആരും വായിച്ചില്ലെങ്കിലും ഓമന വായിക്കണം. തന്റെ ജീവിതത്തിന്റെ തിരുത്തുകൂടിയാണിത്.

ആ രാത്രിയിൽ ഒട്ടേറെ ജീവിതങ്ങൾ അവന്റെ മുന്നിൽ തെളിഞ്ഞുമറഞ്ഞു. ഒന്നിനും കരുത്തുപോരെന്നു തോന്നൽ. പേനയെടുത്ത് കടലാസിൽ തൊടുമ്പോൾ മനസു വിറയ്ക്കുന്നതുപോല. ഒരക്ഷരത്തിന്റെ കനപ്പുപോലും ആ രാത്രി കടലാസിൽ പതിഞ്ഞില്ല. എല്ലാം നിർത്തി ഒന്നു കിടക്കാമെന്നു കരുതിയിട്ടുപോലും പറ്റുന്നില്ല. ഉറക്കം അന്യമായ എന്തോ പോലെയായിരുന്നു അപ്പോഴവന്. അനുഭവങ്ങളുടെ തീക്കനലുകൾ അവന്റെ നാവിലും പേനത്തുമ്പിലും ചിതറിക്കിടക്കുകയാണ്.

ഒടുവിൽ രാത്രിയുടെ അന്ത്യയാമത്തിലെപ്പോഴോ അവൻ വെളുത്ത പേപ്പറിൽ കറുത്ത മഷിയാൽ തലക്കെട്ടെഴുതി...

-കാട്ടുപോത്ത്-

****************************************************************************************************************

ഈ കാത്തുനിൽപ്പ് സോമനെ വല്ലാതെ വലയ്ക്കുന്നുണ്ട്. രണ്ടുമാസത്തെ ജീവിതം ഏകാന്തവാസം പോലെയായിരുന്നു. രാജുവിന്റെ ക്വാർട്ടേഴ്സിൽനിന്നും പുറത്തിറങ്ങിയതേയില്ല. സ്വന്തം ജീവിതം പകർത്തിവയ്ക്കുന്ന സമയത്ത് മനസും പേനയും അക്ഷരങ്ങൾ തെളിയുന്നു കടലാസുമല്ലാതെ മറ്റൊന്നും ഉണ്ടായിരുന്നില്ല. കനലു പോലെ എരിയുകയായിരുന്നു മനസ്. കഴിഞ്ഞു പോയ ജീവിതത്തിന്റെ ഓരോ നിമിഷവും വെള്ളിത്തിരയിലെന്ന പോലെ തെളിഞ്ഞുവന്നു. കാച്ചിയും കുറുക്കിയും അത് അക്ഷരങ്ങളായി മാറിയപ്പോൾ സോമൻ അജ്ഞാതമായ മറ്റൊരു ലോകത്തിലായിരുന്നു. അവസാന വരിയും എഴുതിക്കഴിഞ്ഞപ്പോൾ വിചിത്രമായൊരു ഭ്രാന്ത് ഒഴിഞ്ഞുപോയതുപോലെയായിരുന്നു.

ഇത്ര നേരമായിട്ടും എന്തേ ഓമന വരാത്തത്. കാത്തുനിൽപ്പിന്റെ ഓരോ നിമിഷവും ഓരോ യുഗം പോലെ അവനു തോന്നി. തണൽ വിരിച്ചുനിൽക്കുന്ന മരങ്ങൾക്കിടയിലൂടെ ചാഞ്ഞുവീഴുന്ന ഇളവെയിലിന്റെ ഊഷ്മളത അവന്റെ മുഖത്ത് പതിക്കുന്നുണ്ടായിരുന്നു. നാലുമണിക്കു തന്നെ എത്തണമെന്നറിയിച്ച് കത്തയച്ചിരുന്നു. ഇനിയത് കിട്ടിക്കാണുമോ ആവോ. ഇപ്പോൾ സമയം അഞ്ചാകാറായിരിക്കുന്നു. സ്റ്റോപ്പിൽ നിർത്തുന്ന ഓരോ ബസിലേക്കും അവൻ ആകാംക്ഷയോടെ നോക്കി. ഇല്ല തന്റെ കത്ത് അവൾക്കു കിട്ടികാണില്ല. ഒരു പക്ഷെ ഹോസ്റ്റൽ വാർഡൻ അത് മാറ്റിയിരിക്കുമോ. തന്നെക്കുറിച്ച് അവളുടെ ചേട്ടൻ വാർഡനോട് പറഞ്ഞതായി അറിയാം. ഇനി മടങ്ങുകയേ വഴിയുള്ളൂ. അവന്റെ കയ്യിൽ പിടിച്ചിരുന്ന കടലാസു കെട്ടിലേക്ക് നോക്കി. പതിയെ തിരിഞ്ഞു നടക്കാൻ ഒരുങ്ങിയപ്പോൾ ആ വിളി ഉയർന്നു.

സോമാ....

ഓമനയുടെ ശബ്ദം അവന്റെ ഹൃദയത്തിലാണ് വന്നുപതിച്ചത്. അവൻ തിരിഞ്ഞുനോക്കി. ഓമന എത്തിയിരിക്കുന്നു. അവൻ ഓടി അവളുടെ അടുത്തെത്തി. കിതച്ചുകൊണ്ട് അവൻ അവളുടെ മുന്നിൽനിന്നു. തന്റെ കയ്യിലിരുന്ന കടലാസു കെട്ട് അവൾക്കുനേരെ അവൻ നീട്ടി.

ഇതാ... എന്റെ ജീവിതം... ഇത് ആദ്യം വായിക്കേണ്ടത് നീയാണ്..

ഓമന അത് വാങ്ങി. വിറയ്ക്കുന്ന കൈകളോടെ അത് പൊതിഞ്ഞിരുന്ന

പത്രക്കടലാസ് മാറ്റി. ആദ്യ താളിൽ എഴുതിയ തലക്കെട്ട് അവൾ വായിച്ചു.. കാട്ടുപോത്ത്. അവളുടെ കണ്ണുകൾ നനഞ്ഞു. ചുണ്ടുകൾ വിതുമ്പി. അവളത് നെഞ്ചോട് ചേർത്തു.

എനിക്കു ജോലി കിട്ടി... അത്യാവശ്യം ശമ്പളവും ക്വാർട്ടേഴ്സും ഉണ്ട്... വരുന്നോ എന്റെ കൂടെ– സോമന്റെ ആ വാക്കുകൾ അവിശ്വസത്തോടെയാണ് ഓമന കേട്ടത്. ഈ ലോകത്ത് താനും സോമനും മാത്രമെയുള്ളൂവെന്നു അവൾക്കു തോന്നി. ചുറ്റിലും ആൾസഞ്ചയങ്ങൾ ഇല്ലാതായതുപോലെ. കാറ്റും ഇളവെയിലും മാഞ്ഞുപോയതു പോലെ. എല്ലാ ശബ്ദങ്ങൾക്കും മേലെ സോമന്റെ സ്വരം മാത്രം ഉയർന്നു കേട്ടതുപോലെ. പരിസരം മറന്ന് അവൾ സോമന്റെ മാറിലേക്കു ചാഞ്ഞു.

ഞാനും വരുന്നു നിന്റെ കൂടെ...

അവന്റെ കരങ്ങൾ അവളെ പുണർന്നു. അവളുടെ മൂർദ്ധാവിൽ അവന്റെ ചുണ്ടുകളമർന്നു. പ്രപഞ്ചം മുഴുവൻ അവരിലൊതുങ്ങി.